## (75.) പുത്തൻപീടിക സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

വാർത്താവിനിമയമാർഗ്ഗങ്ങളും യാത്രാ സാകര്യങ്ങളും തുലോം പരിമിതമായിരുന്ന ആക്കാലത്ത് നമ്മുടെ സാമൂഹ്യബന്ധങ്ങൾ തുലോം പരിമിതമായിരുന്നു. ആ കാലത്ത് കത്തോലിക്കാ വിശ്വാസങ്ങളും കത്തോലിക്കരെന്നനാമധേയം പോലും തികച്ചും അപരിചിതമായിരുന്നു. റോമാക്കാരെ അല്പമായി മാത്രമെ അറിയാമായിരുന്നുള്ളു. ഇവിടെ കണ്ടിട്ടുള്ള റോമാക്കാരാകട്ടെ മത്സ്യവ്യാപാരത്തിനായി വന്നുകൊണ്ടിരുന്ന സാധുക്കളായ ലത്തീൻകാരും, ഓമല്ലൂർ കാളവാണിഭത്തിനായി വന്നിരുന്ന വെന്തിങ്ങ ഉട്ടിരുന്ന കുറേ ചേട്ടൻമാരും (അക്കാലത്ത് കത്തോലിക്കർ വെന്തിങ്ങാ ധാരികളായ റോമാക്കാർ എന്നാണ് അറിയപ്പെട്ടിരുന്നത്). ഇത്തരത്തിലുള്ള കൂട്ടരുടെകൂടെ സാക്ഷാൽ സുറിയാനി ക്രിസ്ത്യാനികളായ പുത്തൻപിടികയിലെ ഏതാനും പുരാതന തറവാട്ടുകാർ ചേരാൻ മുതിർന്നത് മറ്റുള്ളവരുടെ ദൃഷ്ടിയിൽ തികച്ചും അപഹാസ്യമായിരുന്നു. അതുകൊണ്ട് അവരെ ഭ്രഷ്ട് കല്പിച്ച്, ഒറ്റമെടുത്തുന്നതിന്, അവർ അപവാദങ്ങളും ആക്ഷേപങ്ങളും പരിഹാസങ്ങളും അവരുടെ മേൽ കോരി ചൊരിഞ്ഞു. എങ്കിലും ആരും കുലുങ്ങിയില്ല, പതറിയില്ല. ദൈവം അവർക്കു വെളിപ്പെടുത്തി കൊടുത്ത വിശ്വാസത്തിൽ റോമിലെ ആദിമ ക്രിസ്ത്യാനികളെപ്പോലെ അടിയുറച്ചു നിന്നു.

കാലത്തിന്റെ ഒഴുക്കിൽപെട്ട് പുത്തൻകൂറ്റിലേക്കു മാറിപ്പോയ പുത്തൻപീടികയിലെ യാക്കോബായക്കാർ ഓമല്ലൂർപള്ളി ഇടവകക്കാരായിരുന്നു. സുപ്രസിദ്ധമായ സുപ്രീം കോടതിവിധിക്ക് മൂലകാരണമായ, മുടക്കും കക്ഷിവഴക്കും ആരംഭിച്ച കാലം, അതിൽ നിന്നെല്ലാം ഒഴിഞ്ഞ് സ്വൈര്യജീവിതം കാംക്ഷിച്ച് ഇവിടെ തെക്കേക്കരയും, വടക്കേകരയും ആയി രണ്ടുപള്ളികൾ സ്ഥാപിച്ച്, രണ്ടിടവകക്കാരായി നിലകൊണ്ടിരുന്നു. ചെറുതെങ്കിലും സാമാന്യം നല്ല രണ്ടു പള്ളികൾ ത്യാഗങ്ങൾ സഹിച്ച് പണി തീർത്തവരാണ് നമ്മുടെ പൂർവ്വികർ. അതെല്ലാം ഉപേക്ഷിച്ച് പള്ളിയോ ശവക്കോട്ടയോ, സ്ഥാപനങ്ങളോ, കൂടിനടപ്പുള്ള കൂട്ടരോ ഇല്ലാത്ത സഭയിലേക്കാണ് ചേർന്നത്.

പുത്തൻപിടികയിലെ പുനരൈക്യപ്രസ്ഥാനത്തിനു മുന്നോടിയായി ഉവിടെനിന്നും ആദ്യമായി കത്തോലിക്കാസഭയെ ആശ്ലേഷിച്ച അൽമായർ കിഴക്കേതിൽ കെ.എം. വർഗ്ഗീസ് വക്കീലിന്റെ സഹോദരീപുത്രൻ കോഴികുന്നത്ത് സ്കറിയാ, പുതുശ്ശേരിൽ തോമസ്, മോളുമുറിയിൽ ഉണ്ണൂണ്ണി എന്നിവരാണ്. 1925-ൽ ഇവർ ചാരുംമൂട്ടിലെ മിഷൻസെന്ററിൽ പോയി കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു.

ഈ പരിവർത്തനത്തിന് ഊർജ്ജം പകർന്നത് പണ്ഡിത വരേണ്യനായ ഗിവാൺസ് കർദ്ദിനാളാൽ വിരചിതവും, മഹാത്മാവായ അന്തപ്പായാൽ ഭാഷാന്തരീകരണം ചെയ്യപ്പെട്ടതുമായ നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം എന്ന പുസ്തകം ആണ്. ഈ പുസ്തകം പഠിച്ച്, വിശകലനം ചെയ്തതിന്റെ ഫലമായി ധാരാളം ആളുകൾക്ക് കത്തോലിക്കാസഭയെ കുറിച്ചും അതിന്റെ ആചാരാനുഷ്ഠാനങ്ങളെകുറിച്ചും മനസ്സിലാക്കുന്നതിന് സാധിച്ചു. അതുമൂലം. കുത്തോലിക്കാസഭയോടുള്ള ആദരവും അഭിപ്രായവും ബലപ്പെട്ടു. സത്യാന്വേഷികളായ ആളുകൾ സത്യദീപം, നസ്രാണിദീപിക, സത്യനാദം മുതലായ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ പഠിക്കുകയും പണ്ഡിതവരേണ്യരായ കത്തോലിക്കാ പുരോഹിതന്മാരുമായി നിരന്തരം ബന്ധം പുലർത്തുകയും ചെയ്തു. അതിന്റെ വെളിച്ചത്തിൽ നമ്മുടെ പൂർവ്വികരിൽ കത്തോലിക്കാ വിശ്വാസം രൂഢമൂലമായി.

ഈ പഠനങ്ങളുടേയും വിശകലനങ്ങളുടേയും വെളിച്ചത്തിൽ മലങ്കര സുറിയാനി ക്രീസ്ത്യാനികളുടെ ഗാഢമായ ചിന്തയ്ക്കുവേണ്ടി നമ്മുടെ സഭയുടെ ഭാവി എന്നൊരു ചെറിയ പുസ്തകം 1925-ൽ കിഴക്കേതിൽ കെ.എം.വർഗ്ഗീസ് വക്കീൽ എഴുതി പ്രസിദ്ധീകരിച്ചു. അന്ത്യോക്യൻറീത്ത് അനുവദിച്ച് റോമൻ കത്തോലിക്കാ സഭയോട് പുനരൈക്യപ്പെടണം എന്നതായിരുന്നു അതിലെ പ്രതിപാദ്യവിഷയം. ഈ ലഘുലേഖ പല യാക്കോബായ സഹോദരങ്ങൾക്കും കത്തോലിക്കാ പുനരൈക്യത്തെക്കുറിച്ച് ചിന്തിക്കുവാൻ പ്രേരണനല്കി.

അവരുടെ ഗാഢമായ ചിന്തയുടെയും, പഠനങ്ങളുടെയും ഫലമായി വിശ്വാസകാര്യങ്ങളിൽ വൈപരീത്യം

ഇല്ലാത്ത പൂർവ്വ സഭകളെല്ലാം രക്ഷാമാർഗ്ഗമാണെന്നുള്ള ധാരണയ്ക്കും ഇളക്കം തട്ടി. ശീശ്മ രക്ഷയ്ക്കു തടസ്സമാണെന്നുള്ള പ്രശ്നപരിഹാരത്തിനുവേണ്ടി പല പണ്ഡിതന്മാരും ആയി ചർച്ച നടത്തി. അതിന്റെ ഫലമായി രക്ഷാമാർഗ്ഗമായ സത്യസഭ ഒന്നേ ഉള്ളൂ എന്നും അത് കാതോലികവും, ശ്ലൈഹികവും ഏകവും വിശുദ്ധവുമായ കത്തോലിക്കാ സഭ മാത്രമാണെന്നും, മറ്റുള്ള പൂർവ്വിക സഭകളെല്ലാം അതിൽ നിന്നും ഛേദിക്കപ്പെട്ടതാണെന്നും ബോധ്യമായി. അതിനാൽ ക്രിസ്തുവിന്റെ ഏകമണവാട്ടി ആയ കത്തോലിക്കാസഭയെ അഭയം പ്രാപിക്കുവാൻ അവർ തീരുമാനിച്ചു. അങ്ങനെ അവരുടെ പുനരൈക്യത്തിന്റെ ഗർഭധാരണം പൂർത്തിയായി. അപ്പോൾ പ്രസവവേദന ആരംഭിച്ചു.

ഈ അഭിപ്രായത്തെ സ്വാഗതം ചെയ്തും അവരുടെ കാലോചിതമായ ഉദ്യമത്തെ അഭിനന്ദിച്ചും പലരും അവരെ അനുകൂലിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. എന്നാൽ ചിലർ ഈ നീക്കത്തെ ശക്തിയായി എതിർക്കുകയും ധാരാളം ആക്ഷേപശരങ്ങൾ ചൊരിയുകയും ബാബിലോൺ എന്നും മഹാവേശ്യ എന്നും ചിത്രീകരിച്ച് അധിക്ഷേപിക്കുകയും ചെയ്തു. അതിനും പുറമേ ഓല്ലൂരിൽ ഒരു പ്രതിഷേധ മഹായോഗം വിളിച്ചുകൂട്ടുകയും ആക്ഷേപശരങ്ങൾ വർഷിക്കുകയും ചെയ്തു. ആ യോഗത്തിലെ ഒരു സംഭവം ഇവിടെ ഉദ്ധരിക്കുന്നു. റവ. ഫാ. ഗ്രിഗറി സി.എം.ഐ എഴുതിയ മിഷൻസ്മരണകൾ എന്ന പുസ്തകത്തിൽ നിന്ന്.

പ്രസ്തുതയോഗത്തിൽ പ്രസംഗിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിരുന്നതിൽ ഒരാൾ കൈനകരി കളിപ്പറമ്പിൽ കുഞ്ചെറിച്ചൻ ആയിരുന്നു. ഇയാൾ കത്തോലിക്കാ സഭയെ ദുഷിച്ച് യോഗത്തിൽ പലതും പറഞ്ഞു. അതിനിടയിൽ യോഗത്തിൽ പങ്കെടുത്തിരുന്ന കെങ്കിരേത്ത് കൊച്ചുകുഞ്ഞ് എന്ന ഒരു മാന്യനെ ചൂണ്ടികാട്ടി ആരോ ഒരാൾ പ്രാസംഗികനോട് ഇപ്രകാരം പറഞ്ഞു ആ ഇരിക്കുന്നയാൾ ഒരു യാക്കോബായാകാരനാണെങ്കിലും ഇത്ര അധികം പേർ ഇവിടെ കത്തോലിക്കരാകാനുള്ള ഒരു പ്രധാന പ്രേരകൻ ഇയാളാണ്. അയാൾ ഇനിയും കത്തോലിക്കാസഭയിൽ ചേരാതെ പുറത്തു നില്ക്കുന്നത് ഈ വിധമുള്ള നമ്മുടെ യോഗങ്ങളിൽ സ്വാതന്ത്ര്യമായി വന്ന് സംബന്ധിക്കുന്നതിനും കുഴപ്പങ്ങൾ ഉണ്ടാക്കുന്നതിനും വേണ്ടി ആണ്. അതിനാൽ ആ യോഗം കലക്കി പിന്തിരിപ്പന് രണ്ടുവാക്കുവെച്ചു കൊടുത്താൽ കൊള്ളാം.

ഇത് ശ്രവിച്ച മാത്രയിൽ കുഞ്ചെറിച്ചൻ അയാളുടെ നേരെ തിരിഞ്ഞു പറഞ്ഞു. ഹാ! എന്റെ സോദരാ കത്തോലിക്കാസഭയുടെ ബാഹ്യആഡംബരങ്ങൾ കണ്ട് മയങ്ങിപ്പോകുകയോ വേണ്ടവിധം ആലോചിക്കാതെ അതിലേക്കെടുത്തുചാടുകയോ ചെയ്യരുതേ. ആ സഭയിൽ ജനിച്ചുവളർന്ന് ദീർഘകാലം ജീവിച്ചിട്ടുള്ള ഒരാളാണ് ഞാൻ. എന്നെ വിശ്വസിച്ചാലും, സ്വാനുഭവത്തിൽ നിന്നും ആ സഭയുടെ വഷളത്തങ്ങൾ ശരിക്കു മനസ്സിലാക്കിയിട്ട് അതിനെ പരിത്യജിച്ച് മാർത്തോമ്മാ സഭയിൽ ചേർന്നു ജീവിക്കുന്ന ഒരാളാണ് ഞാൻ. അതുകൊണ്ട് അനുഭവസ്ഥനായ എന്നെ നിങ്ങൾ വിശ്വസിച്ചാലും അബദ്ധത്തിൽ ചെന്നുചാടരുതെ.

ഇതുകേട്ട മാത്രയിൽ സരസനായ കൊച്ചൂഞ്ഞ് ശാന്തമായി ഇപ്രകാരം പ്രതികരിച്ചു എന്റെ പ്രിയ സഹോദരാ, നിങ്ങളുടെ ഉപദേശത്തിനു നി. ഇന്നീസദസ്സിൽ ഒരു പിശാച് വന്നു പ്രസംഗിച്ചാൽ എന്തായിരിക്കും പറയുക? സഹോദരന്മാരെ നിങ്ങളാരും വല്ലവരും വല്ലതും പറയുന്നതുകേട്ട്, സ്വർഗ്ഗത്തിൽ പോകാനായി ശ്രമിച്ചേക്കരുതേ. അവിടെ ദീർഘകാലം വസിച്ചവനും അവിടുത്തെ വഷളത്തങ്ങൾ മനസ്സിലാക്കിയിട്ട് അവിടംവിട്ട് പോന്നവനുമാണ് ഞാൻ. അതുകൊണ്ട് അനുഭവസ്ഥനായ എന്നെ വിശ്വസിക്കുവിൻ എന്നല്ലാതെ പറയുമോ? അതുകൊണ്ട് ആ വിധം നരകത്തിൽ നിന്നു വന്ന ഒരു മാലാഖ ആയിട്ടേ നിങ്ങളെ ഞങ്ങൾ കരുതുന്നുള്ളു അവിചാരിതമായി ചുട്ട മറുപടി കിട്ടിയ അനുഭവസാക്ഷി സ്ഥലം വിട്ടു.

ഈ തരത്തിലൊക്കെ ഉള്ള അധിക്ഷേപങ്ങൾക്ക് മറുപടി കൊടുക്കുന്നതിനുവേണ്ടി പണ്ഡിതവരേണ്യരായ പല കത്തോലിക്കാ വൈദികരേയും സമീപിച്ചു. അതിൽ അഗ്രഗണ്യനായ പയ്യംപള്ളിൽ ദാവീദു കത്തനാരേയും മറ്റും കണ്ട് കത്തോലിക്കാ സഭയെക്കുറിച്ച് ഗാഢമായ അറിവു സമ്പാദിച്ചു. അദ്ദേഹം തിരികെ പോയത്, മതതത്വങ്ങളോടുള്ള എതിർപ്പ് കൊണ്ടല്ല എന്നും ഭരണപരമായ ചില സംഗതികൾ കൊണ്ടാണന്നും

ഒറ്റയ്ക്കുപോയാൽ വിഷമിക്കേണ്ടിവരുമെന്നും സാധിക്കുമെങ്കിൽ കൂട്ടമായി ചേരുന്നതിന് ശ്രമിക്കണം എന്നും ആയിരുന്നു മഹാപണ്ഡിതനായ അദ്ദേഹം ഉപദേശിച്ചത്.

അടുത്തതായി എങ്ങനെ എവിടെ പുനരൈക്യപ്പെടണം എന്ന പ്രശ്നം ഉടലെടുത്തു. ചങ്ങനാശ്ശേരി രൂപതയിൽ ചേരണം എന്നാലോചിച്ചപ്പോൾ പമ്പാനദിയുടെ തെക്കുഭാഗം കൊല്ലം ലത്തീൻ ബിഷപ്പിന്റെ ഭരണത്തിലാണെന്നും കൊല്ലം ബിഷപ്പ് ആണ് അവരെ സ്വീകരിക്കേണതെന്നും മനസ്സിലായി.

ചങ്ങനാശ്ശേരി വേദപ്രചാര ഡയറക്ടർ ആയിരുന്ന ഫാ.ഡൊമനിക് തോട്ടാശ്ശേരി എം.എ.എൽ.റ്റി അവർക്കുവേണ്ടി കൊല്ലം ബിഷപ്പ് ആയിരുന്ന അഭിവന്ദ്യ ബെൻസിഗർ തിരുമേനിയുമായി ആലോചന നടത്തി അവരുടെ നേതാവായ ഗീവറുഗീസ് പീടികയിൽ അച്ചന് അന്ത്യോക്യൻ റീത്തു പോലും അനുവദിക്കുന്നതിന് വൈമുഖ്യം പ്രകടിപ്പിച്ചു. റീത്തും ഭരണവും ഏതായാലും കത്തോലിക്കാസഭയോട് പുനരൈക്യപ്പെടണമെന്നും ദൈവത്തിന് തിരുവിഷ്ടമാകുമ്പോൾ സ്വന്തം റീത്തിലും ഭരണത്തിലും ആകാം എന്ന പ്രതീക്ഷയോടും പ്രാർത്ഥനയോടും കൂടി പലരും പുനരൈക്യത്തിനുവേണ്ടി വെമ്പൽ കൊണ്ടു.

പുത്തൻപീടിക, ചാരുംമൂട് ഡിസ്ട്രിക്ടിന്റെ മിഷനറി ആയ ലോറൻസ് പെരേര അച്ചന്റെ അധികാര പരിധിയിൽപെട്ടതാകയാൽ വന്ദ്യ ഗീവർഗ്ഗീസ് പീടികയിൽ അച്ചന്റെ നേതൃത്വത്തിൽ അൽമായ പ്രമുഖരായ, എട്ട് മൂലകുടുംബങ്ങളിൽപ്പെട്ട പടിഞ്ഞാറ്റേതിൽ നൈനാൻ വർഗീസ്, കിഴക്കേതിൽ കെ.എം. വറുഗീസ് വക്കീൽ, താന്നിമൂട്ടിൽ കൊച്ചുകോശി വൈദ്യൻ, പുറത്തൂട്ട് ചാക്കോ, മുതിരക്കാലായിൽ ഇക്ക, വാഴേതിൽ കോശി, പ്ലാംകൂട്ടത്തിൽ ചാക്കോ, മാമൂട്ടിൽ ചാക്കോ എന്നിവർ അദ്ദേഹത്തെ സമീപിച്ചു.

ലോറൻസ് പെരേരാ അച്ചൻ അകത്തോലിക്കാ സുറിയാനിക്കാരുടെ മാനസാന്തരത്തിനും പുനരൈക്യത്തിനും വേണ്ടി ഏറെ ക്ലേശങ്ങളും, ത്യാഗങ്ങളും, നഷ്ടങ്ങളും സഹിക്കുന്നതിന് സന്നദ്ധനായി പ്രവർത്തിച്ചു കൊണ്ടിരുന്ന ഒരു വൈദിക ശ്രേഷ്ഠനായിരുന്നു. മോഹനസുന്ദര വാഗ്ദാനങ്ങളോ സ്ഥാനമാനങ്ങളോ പ്രലോഭനങ്ങളോ കൂടാതെ സത്യാന്വേഷണത്തിന്റെ ഫലമായി മാത്രമാണ് ഇവർ അച്ചനെ സമീപിച്ചത്.

അവരുടെ വികാരങ്ങൾ മനസ്സിലാക്കി വൈകാതെ അദ്ദേഹം പത്തനംതിട്ടയിൽ ഒരു കെട്ടിടത്തിനു സ്ഥലം വാങ്ങി ഷെഡുവച്ച് അവിടെ താമസിച്ചുകൊണ്ട് ഇവിടുത്തെ സത്യാന്വേഷികളുമായി ഇടപെട്ടു ഇവിടെയുള്ള വരുടെ സത്യാന്വേഷണ സന്നദ്ധതയും, വിശ്വാസവും, മതപരമായ ജ്ഞാനവും അദ്ദേഹത്തെ ആകർഷിച്ചു. അടുത്തെങ്ങും കത്തോലിക്കാ സ്ഥാപനങ്ങൾ ഇല്ലാത്തതിനാൽ പള്ളിയും ശവകോട്ടയും ഉണ്ടാകണം, എന്നപേക്ഷിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി കത്തോലിക്കരില്ലാതെ പള്ളി കിട്ടില്ലെന്നും, പള്ളി കിട്ടും എന്നുവിചാരിച്ച് ആരും ചേരരുതെന്നും, മക്കളുടെ ആവശ്യം പരിഹരിക്കുമെന്നും അത് യഥാവസരം നിറവേറ്റിതരുമെന്നും പൂർണ്ണവിശ്വാസമുണ്ടെങ്കിൽ പുനരൈക്യപ്പെടുകയാണ് വേണ്ടതെന്നും, കത്തോലിക്കാസഭ ആരെയും ചതിച്ചിട്ടില്ല എന്നും ആയിരുന്നു.

1926 ഏപ്രിൽ മാസത്തിൽ പീടികയിൽ അച്ചനും മേൽപറഞ്ഞ വ്യക്തികളും കൊല്ലം മെത്രാസന അരമനയിൽ വച്ച് പുണ്യശ്ലോകനായ ബിഷപ്പ് ബെൻസിഗർ തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു. കത്തോലിക്കാ സഭയെ ആശ്ലേഷിച്ചു. ലത്തീൻ ഭരണത്തിൻ കീഴിൽ കൽദായ റീത്തിൽ വിശുദ്ധ കർമ്മാദികൾ നടത്തുവാനുള്ള അനുവാദം അച്ചന് നൽകുകയും ധ്യാനത്തിനും തക്സ പരിശീലനത്തിനുമായി അച്ചനെ മാന്നാനം ആശ്രമത്തിലേക്ക് അയയ്ക്കുകയും ചെയ്തു. യാക്കോബായ സഭയിൽ പുരോഗമനപരമായ ചിന്താഗതികളോടുകൂടിയ ഊർജ്ജസ്വലനും കർമ്മധീരനുമായ ഒരു യുവവൈദികനായിരുന്നു ഗീവറുഗീസ് പീടികയിൽ അച്ചൻ. അദ്ദേഹത്തിന്റെ പുനരൈക്യം യാക്കോബായ സഭയിൽ കോളിളക്കം സൃഷ്ടിച്ചു. അതിലുപരി മദ്ധ്യതിരുവിതാംകൂറിൽ ഒരു കൊടുംകാറ്റ് ഇളക്കിവിടുകയും ചെയ്തു. തുടർന്ന് ലോറൻസ് പെരേര അച്ചൻ പുത്തൻപീടികയിൽ, ഗീവറുഗീസ് പീടികയിൽ അച്ചൻ പള്ളി വയ്ക്കുന്നതിന് ദാനമായി കൊടുത്ത സ്ഥലത്ത് ഒരു ചാപ്പൽ നിർമിച്ചു.

1926-ൽ പീടികയിൽ അച്ചൻ തക്സ വാങ്ങിവന്നപ്പോൾ ലോറൻസ് പെരേര അച്ചൻ ഒരാഴ്ചയോളം പുത്തൻ പീടികയിൽ താമസിച്ച് മുമ്പ് പ്രസ്ഥാവിച്ച 8 മൂലകുടുംബങ്ങളിൽപ്പെട്ട 30 വീടുകളിൽ നിന്ന് 120 പേർ അടങ്ങുന്ന ഒരു സമൂഹത്തെ കത്തോലിക്കാ തിരുസഭയുടെ മടിത്തട്ടിലേക്കാനയിച്ചു. ഈ കൂട്ടത്തിൽ വയോവൃദ്ധനായ പീടികയിൽ വല്ലച്ചന്റെ നാമധേയം എടുത്തു പറയേണ്ടതാണ്. (ഫാ.എബ്രഹാം കോറെപ്പിസ്കോപ്പാ) വല്യച്ചന് അന്ത്യോക്യൻ റീത്തിൽ തന്നെ വി.കുർബാന അർപ്പിക്കുന്നതിനുള്ള വ്യക്തിപരമായ അനുവാദവും ലഭിച്ചു. പിന്നീട് 500-ൽ പരം അംഗങ്ങളുള്ള 100-ഓളം കുടുംബങ്ങൾ പുനരൈക്യപ്പെടുകയുണ്ടായി. ഇത് പുത്തൻപീടികയിൽ നിന്നും മാത്രമല്ല കൈപ്പട്ടൂർ, പത്തനംതിട്ട, മണ്ണാറക്കുളഞ്ഞി, മല്ലശ്ശേരി, കോന്നി എന്നീ പ്രദേശങ്ങളിൽ നിന്നും കൂടിയാണ് എല്ലാവരും കൽദായ റീത്തിലാണ് ചേർന്നത്.

1926 നവംബറിൽ ദ്വിതീയ കാതോലിക്കാ ആയിരുന്ന മാർ ബസേലിയോസ് തിരുമേനിയും, മാർ ഗ്രിഗോറിയോസ് തിരുമേനിയും (പിന്നീട് കാതോലിക്കാ ആയി) ബഥനിയുടെ മാർ ഈവാനിയോസ് തിരുമേനിയും കൂടിചേർന്ന് പരുമലയിൽ വച്ച് പുനരൈക്യത്തിനുള്ള പ്രഥമ മെമ്മോറാണ്ടം തയ്യാറാക്കി റോമിലേക്കയച്ചത് പുത്തൻപീടികക്കാരുടെ പുനരൈക്യത്തിനു ശേഷമാണ് എന്ന വസ്തുത ശ്രദ്ധേയം ആണ്.

ഇങ്ങനെ പുത്തൻപീടികയിൽ ജന്മംകൊണ്ട പുനരൈക്യപ്രസ്ഥാനം മൂന്നുമാസം കൊണ്ട് പ്രായത്തെ അതിലംഘിച്ച് പുഷ്ടിപ്പെടുകയും കാണികളെ അത്ഭുതപ്പെടുത്തുമാറ് തേജസ്സും ഓജസ്സും പ്രാപിക്കുകയും ചെയ്തു. ഇവിടത്തെ പുനരൈക്യത്തിന്റെ പ്രതിധ്വനി പ്രസിദ്ധീകരണങ്ങൾ മൂലം കേരളമെങ്ങും മാറ്റൊലിക്കൊണ്ടു.

വിവിധങ്ങളായ മുള്ളുകളും ഞെരുക്കങ്ങളും ആക്ഷേപശരങ്ങളും വകവയ്ക്കാതെ ആന്തരികമായ മനഃസമാധാനത്തോടുകൂടി പുനരൈക്യപ്പെടുന്നവരെല്ലാം ഏകയോഗമായി നിലകൊണ്ടു. അവരെ ആശ്വസിപ്പിക്കുന്നതിനും ഉപദേശങ്ങൾ നൽകി ധൈര്യപ്പെടുത്തുന്നതിനുമായി തീക്ഷ്ണതയുള്ള കത്തോലിക്കർ വിദേശങ്ങളിൽ നിന്നുപോലും വന്നിരുന്നു. കോട്ടയം ബിഷപ്പ് ആയിരുന്ന ഭാഗ്യസ്മരണാർഹനായ അലക്സാണ്ടർ ചൂളപറമ്പിൽ തിരുമേനി, ഫാ.റോമിയോ തോമസ് റ്റി.ഒ.സി.ഡി, എം.എ.എൽ.റ്റി., ഫാ.കെ.സി.ചാക്കോ, ബി.എ.എൽ.റ്റി., ഫാ.ഹിലാറിയോസ് റ്റി.ഒ.സി.ഡി., ഫാ.ഗ്രിഗറി റ്റി.സി.ഡി., ഫാ.പറഞ്ഞിക്കാരൻ, ഫാ.തോമസ് മണ്ണംചേരി തുടങ്ങിയ വൈദീകശ്രേഷ്ഠരെ കൂടാതെ പല അവസരങ്ങളിലായി മറ്റു വൈദികരും അൽമായ പ്രേഷിതരും ഇവിടെ വരികയും ക്ലാസ്സുകൾ എടുക്കുകയും ചെയ്തിട്ടുണ്ട്. സ്ഥല പരിമിതിമൂലം പല ക്ലാസ്സുകളും മാവിൻ ചുവട്ടിൽ വച്ചാണ് നടത്തിയിരുന്നത്.

1926 ജൂലൈ മുതൽ പത്തുമാസത്തോളം ചാപ്പലിൽ ആയിരുന്നു വി.കുർബാനയും മറ്റ് തിരുക്കർമ്മങ്ങളും നടത്തിയിരുന്നത് അവർ സഭാംഗങ്ങളായി തന്നെ യാതൊരു ഒച്ചപ്പാടും ഉണ്ടാക്കാതെ പീടികയിൽ അച്ചൻ ദാനമായി നൽകിയ സ്ഥലത്തോടുചേർന്ന് കുറെ സ്ഥലം കൂടി വാങ്ങി പള്ളിക്ക് അപേക്ഷിച്ചു. പെട്ടെന്നു തന്നെ പള്ളിപണിയുന്നതിന് അനുമതി ലഭിച്ചു. വേദപ്രചാര തല്പരനായ ഒരു അമേരിക്കക്കാരൻ കാവൽമാലാഖമാരുടെ നാമത്തിൽ ഒരുപള്ളി പണിയുന്നതിന് ഏല്പിച്ചിരുന്ന തുക, പുണ്യശ്ലോകനായ ബെൻസിഗർ തിരുമേനി പുത്തൻപീടികയിലെ സുറിയാനിക്കാർക്കായി വിനിയോഗിച്ചു. മൂന്നുമാസം കൊണ്ട് പള്ളിപണി പൂർത്തിയാക്കുന്നതിനുള്ള ഏർപ്പാടും ചെയ്തു. 1927-ാം ആണ്ട് ഫെബ്രുവരിയിൽ പള്ളിപണിപൂർത്തിയാക്കി തിരുമേനി പള്ളിയും സെമിത്തേരിയും വെഞ്ചരിക്കാൻ എഴുന്നുള്ളിയപ്പോൾ ഇടവകക്കാരുടെ മംഗളപത്രം സ്വീകരിച്ച് എല്ലാവരേയും അഭിനന്ദിച്ച് ആശീർവദിക്കുകയും ഒരു അമേരിക്കക്കാരന്റെ ഔദാര്യം നിങ്ങൾക്കായി വിനിയോഗിച്ചു എന്ന് പ്രസ്താവിക്കുകയും ചെയ്ത ശേഷം സന്തുഷ്ടനായി മടങ്ങിപ്പോയി.

മദ്ധ്യതിരുവിതാംകൂറിൽ അകത്തോലിക്കാ കേന്ദ്രത്തിൽ അവർക്കു ലഭിച്ച ഈ ഉന്നതദീപസ്തംഭം പ്രകാശിപ്പക്കുന്നതിനും ഒരു മാതൃകാ ദൈവാലയമാക്കി മാറ്റുന്നതിനും കഠിനപ്രയത്നം ചെയ്യേണ്ടിവന്നു. സാമ്പത്തികപരാധീനതമൂലം തട്ടുകളായി കിടന്ന ഭൂമിനിരപ്പാക്കുക, കിണറു കുഴിക്കുക, സ്കൂൾ കെട്ടിടം നിർമ്മിക്കുക എന്നിവയെല്ലാം അവരുടെ ശ്രമദാനം മൂലം നടന്നതാണ് എന്ന വസ്തുത എടുത്തു പറയേണ്ടതാണ്.

ഫാ.ലോറൻസ് പെരേര അവർക്ക് ആശയും ആവേശവും ഉത്തേജനവും ആയിരുന്നു. കൊല്ലം രൂപതയിലെ മറ്റിടവകകളിൽ നിന്നും വ്യത്യസ്ഥമായി സുറിയാനിക്കാരുടെ ആചാര മര്യാദകൾക്ക് അനുസൃതമായി ഒരു പടിയോല ഉണ്ടാക്കിയതും ലോറൻസ് അച്ചനാണ്. പുത്തൻപീടികക്കാരോടുള്ള പ്രത്യേക സ്നേഹ വാത്സല്യത്താൽ ചാരുംമൂട്ടിൽ താമസിച്ചുകൊണ്ട് അദ്ദേഹം കൂടെകൂടെ ഇവിടെ വരികയും ഇടവകക്കാരുടെ ആദ്ധ്യാത്മികതയ്ക്ക് ഉത്തേജനം നല്കുകയും ചെയ്തിരുന്നു.

ഗീവറുഗീസ് പീടികയിൽ അച്ചൻ അസിസ്റ്റന്റ് വികാരിയായി കൽദായാറീത്തിൽ കുർബാനയും മറ്റ് കർമ്മാദികളും അനുഷ്ഠിച്ചുപോന്നു. അങ്ങനെ പുത്തൻപീടിക സത്യാന്വേഷികളുടെ അത്താണിയായി മാറി പീടികയിൽ അച്ചന്റെ നേതൃത്വത്തിൽ സാക്ഷരരായ ഒരു ഡസനിൽപരം അൽമായർ വേദപ്രചാരാർത്ഥം പ്രയത്നിച്ചിരുന്നു. സത്യാന്വേഷികളെ ഉത്തേജിപ്പിക്കുന്നതിനുവേണ്ടി 1927-ൽ കിഴക്കേതിൽ കെ.എം. ഈശോ ക്രൈസ്തവസാമ്രാജ്യം എന്ന പുസ്തകം എഴുതി കെ.എം. വറുഗീസ് വക്കീൽ അത് പ്രസിദ്ധീകരിച്ചു. കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിന് അവരെ പ്രേരിപ്പിച്ച പരമപ്രധാനങ്ങളായ ഘടകങ്ങൾ പൊതുജന സമക്ഷം ബോധിപ്പിക്കുക എന്ന നല്ല ഉദ്ദേശ്യത്തോടെയാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്.

പുനരൈക്യപ്പെട്ടവരുടെ ഏകമതീഭാവവും പരസ്പര സഹകരണവും കൊണ്ട് പുറമെ നിന്നുള്ള ഞെരുക്കങ്ങൾക്ക് ഇവിടെ പ്രസക്തി ഇല്ലായിരുന്നു. വിവാഹത്തിന് വധൂവരന്മാരെ തെരഞ്ഞെടുക്കുന്നതിന് ആദ്യകാലത്ത് അല്പം വിഷമം നേരിട്ടെങ്കിലും കാലക്രമേണ അത് പരിഹൃദമായി. ഈ ഇടവകയുടെ ശൈശവാവസ്ഥ ആശ്ചര്യകരമായ ഒരു സുവർണ്ണ കാലമായിരുന്നു ലോറൻസ് പെരേര അച്ചന്റെ സംരക്ഷണയിൽ.

1930-ൽ അവരുടെ താങ്ങും തണലും ആശയും ആവേശവും ആയിരുന്ന ഫാ. ലോറൻസ് പെരേര അച്ചനെ പുതുതായി സ്ഥാപിച്ച കോട്ടാർ രൂപതയുടെ പ്രഥമ മെത്രാനായി തിരുസിംഹാസനത്തിൽ നിന്നും നിയമിച്ചു ഈ സ്ഥാനലബ്ധി എല്ലാവർക്കും സന്തോഷകരമായിരുന്നു, എങ്കിലും അദ്ദേഹത്തിന്റെ അസാന്നിദ്ധ്യം ഇടവകയ്ക്ക് ഒരു തീരാനഷ്ടമായിമാറി. ബാലാരിഷ്ടത കൂടാതെ ഓജസ്സും തേജസ്സും പ്രദർശിപ്പിച്ചു വളർന്നുവന്ന ഇടവകയുടെ ശുക്രദശ അതോടെ അസ്തമിച്ചു. ലോറൻസ് പെരേര അച്ചൻ കോട്ടാർ ബിഷപ്പ് ആയി നിയോഗിക്കപ്പെട്ടപ്പോൾ, 400-ൽ പരം അംഗങ്ങളുള്ളതും 70 വീട്ടുകാരുള്ളതും വിശ്വാസത്തിലും പരിശീലനത്തിലും അടിയുറച്ചതുമായ ഒരിടവക ആയി പുത്തൻപീടിക നിലകൊണ്ടിരുന്നു.

തുടർന്ന് ഫാ.പയസ്സ് വികാരി ആയി സ്ഥാനം ഏറ്റു. 1930 സെപ്റ്റംബർ 20-ന് അവരുടെ പ്രാർത്ഥനകളുടെയും ആശകളുടെയും ആശ്വാസങ്ങളുടെയും സാഫല്യദിനം ആയിരുന്നു. അന്നാണ് മലങ്കര അന്ത്യോക്യൻറീത്ത് ജന്മം കൊണ്ടത്. അതോടെ അവരുടെ പ്രാർത്ഥനകളും പ്രതീക്ഷകളും സഫലമായി സ്വന്തം റീത്തിലേക്കും ഭരണത്തിലേക്കും പോകാം എന്ന സ്വതസിദ്ധമായ അഭിനിവേശവും അവരെ വലയം ചെയ്തു. അന്നത്തെ വികാരി ആയിരുന്ന പയസ്സച്ചന്റെ കാലം മുതൽ ഈ സ്വപ്നസാക്ഷാത്ക്കാരത്തിനായി ശ്രമം തുടങ്ങി. പള്ളിയോടുകൂടി ഉള്ള മാറ്റത്തിനാണ് ശ്രമം നടന്നത് ആ ശ്രമം സാധിതപ്രായം ആകുമെന്ന പ്രതീക്ഷയിൽ പള്ളിയും ഇടവകയും സംബന്ധിച്ച കാര്യങ്ങൾ അഭംഗുരം തുടർന്നു.

അഭിവന്ദ്യ ബെൻസിഗർ തിരുമേനി റീത്തുപ്രസ്ഥാനത്തിനും തദ്വാര വേദപ്രചരണത്തിനും അകമഴിഞ്ഞ പ്രോത്സാഹനം നല്കുകയും ആയതിലേക്ക് ഗീവറുഗീസ് പീടികയിൽ അച്ചനെ ചുമതലപ്പെടുത്തുകയും ചെയ്തു. 1931-ൽ സുപ്രസിദ്ധ പ്രാസംഗികരെ വിളിച്ചുവരുത്തി, അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ ഒരു കത്തോലിക്കാ കോൺഫറൻസ് പള്ളിയങ്കണത്തിൽ വച്ച് നടത്തുകയുണ്ടായി. താമസിയാതെ ബെൻസിഗർ തിരുമേനി സ്ഥാനം ഒഴിഞ്ഞ് ആശ്രമജീവിതം ആരംഭിച്ചു.

ഈ കാലയളവിൽ പയസ്സച്ചൻ 2-ാം ലോകമഹായുദ്ധകാലത്ത് ബോംബെയിൽ തടങ്കലിൽ പാർക്കേണ്ടി വന്നു. ഗീവർഗ്ഗീസ് പീടികയിലച്ചൻ രോഗബാധിതനായി ശയ്യാവലംബനായി. അതു മുതൽ ഇടവക പല പരിവർത്തനങ്ങൾക്കും വിധേയമായി. കുറേ കാലത്തേക്ക് അന്ത്യോക്യൻ റീത്തിൽപ്പെട്ട വൈദീകരെ

വിളിച്ചുവരുത്തി കൂദാശാ കർമ്മങ്ങൾ നടത്തിയിരുന്നു. പിന്നീട് ഇലവുംതിട്ടയിൽ നിന്നും സെബാസ്റ്റ്യൻ അച്ചൻ വന്ന് ഭരണം ഏറ്റെടുത്തു. അദ്ദേഹത്തിന്റെ കാലത്തുണ്ടായ ചില ഗുരുതര പ്രശ്നങ്ങൾ കാരണം ഏതാനും വീട്ടുകാർ റീത്തുമാറുന്നതിന് അധികാരസ്ഥാനങ്ങളിൽ അപേക്ഷ സമർപ്പിച്ചു മാറ്റത്തിനുവേണ്ടി ശ്രമിച്ചു. പള്ളിയോടുകൂടി എല്ലാവരെയും അനുഗ്രഹിച്ചയ്ക്കും എന്ന ശുദ്ധപ്രതീക്ഷയിൽ മറ്റുള്ളവർ ഈ നീക്കത്തെ അനുകൂലിക്കാതെ വികാരി അച്ചനോട് ചേർന്നുനിന്നു. അതിനുശേഷം വികാരിമാരായി വന്ന അൽഫോൻസ് അച്ചന്റെയും, ജോൺ ഫെർണാണ്ടസ് അച്ചന്റെയും കാലത്ത് ഇടവക ആദ്ധ്യാത്മികതയിൽ പുരോഗമിച്ചിരുന്നെങ്കിലും അന്ത്യോക്യൻ റീത്തിലേക്കുള്ള അപേക്ഷകരെ തൃപ്തിപ്പെടുത്താൻ കഴിഞ്ഞില്ല. 1940-ാം മാണ്ടുവരെ കാവൽമാലാഖമാരുടെ പള്ളിയിൽ കൂടി നടന്നിരുന്ന ആലുംമൂട്ടിൽ സ്കറിയ, കാവുംപുറത്തു മാത്തൻ കുരിയ്യന്റേത്ത് ജോർജ്ജ് എന്നിവർ മലങ്കര സഭയിലേക്ക് മാറി. അവരുടെ ആവശ്യപ്രകാരം മാർ ഈവാനിയോസ് തിരുമേനി അന്നത്തെ ശ്രീമൂലം പ്രജാ സഭാമെമ്പർ ആയിരുന്ന അടയിൽ വാദ്ധ്യാർ എന്നറിയപ്പെട്ടിരുന്ന ഇ.ഐ.ചെറിയാന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഗ്രാന്റ് സ്കൂൾ വിലയ്ക്കുവാങ്ങി ചാപ്പലായി മാറ്റുകയും സക്കറിയാസ് എഴിയത്തച്ചനെ ആദ്യവികാരി ആക്കി നിയമിക്കുകയും ചെയ്തു. ബാക്കി ഉള്ളവർ കാവൽമാലാഖമാരുടെ പള്ളിയിൽ തുടർന്നു.

ജോൺ ഫെർണാണ്ടസ് അച്ചനുശേഷം വികാരി ആയിവന്ന ഡേവിഡ് അച്ചൻ അതൊരു മിഷൻ പള്ളി ആക്കുവാൻ തീവ്രശ്രമം ആരംഭിച്ചു. അതിന്റെ പ്രാരംഭമായി സിറിയൻ ആചാരങ്ങൾക്കനുസൃതമായി നടത്തിയിരുന്ന നടപടികളിലും കൈവച്ചു. കൈക്കാരനെയും കണക്കനെയും ഇല്ലാതെ ഭരണം കയ്യേറി. അങ്ങനെ അത് പൂർണ്ണമായി ഒരു ലത്തീൻപള്ളി ആക്കാനുള്ള ശ്രമം തുടർന്നു. ഇത്രയും ആയപ്പോൾ ഇലവുകാത്തശുകം പോലെ ആയിപ്പോയല്ലോ എന്ന നിരാശ അവരെ വലയം ചെയ്തു. അഭിമാനസമരത്തിനെ നഷ്ടപ്പെടുത്തരുതെന്ന് അവരുടെ മനസ്സാക്ഷി അവരെ ഹേമിച്ചു. എന്നാൽ ദൈവതിരുമനസ്സ് ഇവിടെ ഒരു ലത്തീൻ പള്ളിയും വേണം എന്നുള്ളതായിരുന്നു. ഇതും അവർക്ക് അത്യാനന്ദുകരമായ സംഗതി ആയിരുന്നതിനാൽ അവർ റീത്ത് മാറ്റത്തിന് നിയമാനുസൃതമായ ശ്രമം ആരംഭിച്ചു.

അവരുടെ അപേക്ഷ പരിഗണിച്ച് പരിശുദ്ധ സിംഹാസനത്തിൽ നിന്നും റീത്തുമാറുത്തിന് അനുമതി ലഭിച്ചു. 1950, 51, 52 എന്നീ ഘട്ടങ്ങളിലായി 50 വീട്ടുകാർ മലങ്കര റീത്തിൽ ഇടവക ചേരുകയും ചെയ്തു. 1930-നുശേഷം 30 കുടുംബങ്ങൾ കൂടി പുനരൈക്യപ്പെട്ടു, പലപ്പോഴായി. 1926 മുതൽ ജീവിത സൗകകര്യങ്ങൾ തേടി ഇവിടെ നിന്നും 50-ൽ പരം കത്തോലിക്കാ കുടുംബാംഗങ്ങൾ പുനലൂർ, കിഴക്കുപുറം, തണ്ണിത്തോട്, ഇടമൺ മുതലായ സ്ഥലങ്ങളിൽ താമസം ഉറപ്പിച്ചു. റീത്തുപ്രസ്ഥാനത്തിനുശേഷം പുനരൈക്യം അന്ത്യോക്യൻ റീത്തിലേക്കായിരുന്നു. ആദ്യകാലത്ത് അങ്ങനെ ചേർന്നവർ കൽദായ സുറിയാനിക്കാരോടുകൂടി കാവൽമാലാഖമാരുടെ പള്ളിയിൽ കൂടി നടന്നിരുന്നു. മാർ ഈവാനിയോസ് തിരുമേനി പുത്തൻപീടികയിൽ ഗ്രാന്റ് സ്കൂൾ വിലയ്ക്കുവാങ്ങിയശേഷം 1940-ാം മാണ്ടിൽ ചാപ്പൽ അനുവദിക്കുകയും സക്കറിയാസ് എഴിയത്തച്ചൻ ആദ്യവികാരി ആയി ഭരണം നടത്തുകയും ചെയ്തു. ജീർണ്ണാവസ്ഥയിൽ ആയിരുന്ന ആ സ്കൂൾ കെട്ടിടം 1946-ൽ പൊളിച്ചുമാറ്റി തൽസ്ഥാനത്ത് ഈടും വലിപ്പവുമുള്ള ഇപ്പോഴത്തെ സ്കൂൾ കെട്ടിടം പണിയിച്ചതോടുകൂടി ഒരു നല്ല ചാപ്പൽ ഉണ്ടായി.

1927 ഏപ്രിൽ 20-ന് തോമസ് ആമ്പശ്ശേരിൽ അച്ചന്റെ പുനരൈക്യത്തോടുകൂടി ഇടവക പുരോഗതി പ്രാപിച്ചു തുടങ്ങി. രണ്ടാമത്തെ വികാരിയായിരുന്ന ഏബ്രഹാം ആശാരിയത്ത് അച്ചന്റെ ഭരണകാലത്ത് വാങ്ങി ഇട്ടിരുന്ന സ്ഥലത്ത് സെമിത്തേരിയും ചാപ്പലും പണിയിച്ചത് തോമസ് ആമ്പശ്ശേരിൽ അച്ചനാണ്. ആമ്പശ്ശേരിൽ അച്ചൻ അഭ്യസ്ഥവിദ്യരായ അദ്ധ്യാപകരെ കൊണ്ട് വേദപാഠ ക്ലാസ്സുകൾ നടത്തുകയും ലീജിയൻ ഓഫ് മേരിയുടെ ജൂനിയർ & സീനിയർ ആയി രണ്ടു പ്രസിദിയങ്ങൾ 1953-ൽ തുടങ്ങുകയും ചെയ്തു. 1950, 1951, 1952 കാലയളവിൽ ഗീവറുഗീസ് പീടികയിൽ അച്ചനും അൻപതിൽപരം വീട്ടുകാരും റീത്തും ഭരണവും മാറി ഇവിടെ ഇടവക ചേർന്നപ്പോൾ ഇടവക പുഷ്ടിപ്പെട്ടു അതിരൂപതയിലെ ഒരു പ്രധാന ഇടവകയായി. അപ്പോൾ പള്ളിയുടെ

അത്യാവശ്യം നേരിട്ടു.

രണ്ടു വ്യാഴവട്ടക്കാലത്തിനുമേൽ പള്ളിയിൽ പരിശീലനവും കർമ്മാദികളും നടത്തിക്കൊണ്ടിരുന്ന നമ്മുടെ പൂർവ്വികർക്ക് ഈ മാറ്റത്തോടുകൂടി ആ സൗകര്യം നഷ്ടപ്പെട്ടിരുന്നു. മാർ ഈവാനിയോസ് തിരുമേനിയ്ക്ക് പുത്തൻപിടികയെപ്പറ്റി നല്ല മതിപ്പും താൽപര്യവും പ്രതീക്ഷയും ഉണ്ടായിരുന്നു. വിദേശ പര്യടനാനന്തരം തിരുമേനി ആലസ്യവിധേയനായി ഇരിക്കുമ്പോൾ പുത്തൻപീടികക്കാരുടെ ക്ഷണം സ്വീകരിച്ച് പുനരൈക്യ സിൽവർ ജൂബിലി ഉത്ഘാടനം ചെയ്യുന്നതിന് 1950 ഏപ്രിൽ മാസത്തിൽ ഇവിടെ എഴുന്നെള്ളിയപ്പോൾ പള്ളിയ്ക്കു സ്ഥലം വാങ്ങുന്നതിനുള്ള ഏർപ്പാടു ചെയ്തു. പുത്തൻപീടികയുടെ പാരമ്പര്യത്തിനനുസരിച്ചുള്ള പള്ളിയും ഇതരസ്ഥാപനങ്ങളും വേണം എന്ന് തിരുമേനി ആഗ്രഹിച്ചു. 1951 ജൂലൈ 31-ന് പള്ളി വയ്ക്കുന്നതിനുള്ള സ്ഥലം (ഇണ്ടിക്കാട്ടിൽ പുരയിടം) തിരുവനന്തപുരം അതിരൂപതയുടെ പേരിൽ രജിസ്റ്റർ ചെയ്തു. 1953 ഫെബ്രുവരി 29-ന് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി തിരുവനന്തപുരം അതിരൂപതാ ആർച്ച് ബിഷപ്പായി സ്ഥാനാരോഹണം ചെയ്തു. 1953 ജൂലൈ 15-ന് അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി കാലം ചെയ്തു.

1955 ജൂൺ മാസത്തിൽ സി. മാത്യു ഏഴാനിക്കാട് അച്ചൻ പുത്തൻപീടികയിൽ വികാരി ആയി സ്ഥാനം ഏല്ക്കുകയും ആമ്പശ്ശേരിൽ അച്ചൻ സമീപ ഇടവകയിലേക്ക് സ്ഥലംമാറി പോകുകയും ചെയ്തു. മാത്യു അച്ചൻ പത്തനംതിട്ടയിൽ താമസിച്ചുകൊണ്ട് മൈലപ്രാ എസ്.എച്ച്.എച്ച്.എസിൽ അദ്ധ്യാപകനായും പുത്തൻപീടിക, ചീക്കനാൽ എന്നീ രണ്ടുപള്ളികളുടെ വികാരി ആയും സേവനം അനുഷ്ഠിച്ചു. പാരമ്പര്യം സിദ്ധിച്ചിരുന്ന നാകപ്പുഴ ഏഴാനിക്കാട് കുടുംബത്തിലെ ഒരംഗംമായ മാത്യു ഏഴാനിക്കാട് അച്ചന്റെ സേവനം തിരുവനന്തപുരം അതിരൂപതയ്ക്ക് ലഭിച്ചത് ദൈവത്തിന്റെ ഒരു മുന്നൊരുക്കം ആയിരുന്നു. അച്ചൻ തിരുവനന്തപുരത്ത് അരമനയിൽ താമസിച്ചുകൊണ്ട് അഞ്ചാമിട, കാവടിത്തല, കരകുളം, പോത്തൻകോട്, കഴക്കൂട്ടം എന്നീ സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിച്ചതിനു ശേഷമാണ് പുനരൈക്യത്തിന് മുന്നോടി ആയിരുന്ന പുത്തൻപീടികയിലെ കുറവുകൾ നികത്തുന്നതിന് ഇവിടുത്തെ വികാരിയായി അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനി നിയമിച്ചത്.

താമസംവിനാ മതിൽ കെട്ടിച്ച് സ്കൂർ കെട്ടിടത്തിന് റോഡുമായുള്ളബന്ധം വിച്ഛേദിച്ച് ചാപ്പലിന്റെ പ്രതീതി വരുത്തുകയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. പള്ളിയുടെ അഭാവം ഇടവകയുടെ അദ്ധ്യാത്മികത ശോഷിച്ചു പോകുന്ന അവസ്ഥ സംജാതമാകുന്നുവോ എന്ന ചിന്ത അദ്ദേഹത്തിന്റെ മനസ്സിനെ ഹേമിച്ചു.

അച്ചന്റെ നിർദ്ദേശങ്ങളെയും അഭിപ്രായങ്ങളെയും അഭിവന്ദ്യ തിരുമേനി സസന്തോഷം സ്വാഗതം ചെയ്തിരുന്നു. 1956 മാർച്ച് 22-ാം തീയതി വികാരി ഫാ. സി. മാത്യു ഏഴാനിക്കാടിന്റെയും, ഫാ. തോമസ് ആമ്പശ്ശേരിയുടെയും, ഇടവക ജനങ്ങളുടെയും സാന്നിധ്യത്തിൽ സ്കൂൾ ചാപ്പലിൽ വി.കുർബാനയ്ക്കുശേഷം പുതിയപള്ളിയുടെ സ്ഥാനം നിശ്ചയിച്ചു, വാനം വെട്ടുന്നതിന് ഏർപ്പാടുചെയ്തു. വാനം വെട്ട്, ഇടവകക്കാർ തന്നെ പൂർത്തിയാക്കി 1956 ഏപ്രിൽ 1-ന് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി വിശുദ്ധ കുർബാനയുടെ വാഴ്വിനുശേഷം പുതിയ പള്ളിയുടെ കല്ലിടീൽ കർമ്മം നിർവ്വഹിച്ചു. തദവസരത്തിൽ എ.ജി ഏബ്രഹാം അച്ചൻ (മൈലപ്രാ അച്ചൻ) കിഴക്കേവീട്ടിൽ പത്രോസ് അച്ചൻ, തോമസ് കൈതനാലച്ചൻ, പീടികയിൽ ഗീവറുഗീസ് അച്ചൻ, മോൺ. ചേപ്പാട് ഫിലിപ്പോസ് റമ്പാൻ, വികാരി ഫാ.മാത്യു ഏഴാനിക്കാട്, തോമസ് ആമ്പശ്ശേരി അച്ചൻ എന്നിവരും, ഇടവകക്കാരും സമീപ ഇടവകകളിലെ അംഗങ്ങളും സന്നിഹിതരായിരുന്നു. താമസ്സിയാതെ പള്ളിയുടെ പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കി പണി നാഗർകോവിൽക്കാരനായ ഒരു മേസ്തിരിയെ എല്പിച്ചു. വികാരി അച്ചന്റെ മേൽനോട്ടത്തിൽ 1958 മെയ് മാസത്തിൽ വൈദീകമന്ദിരത്തിന്റെ പണിയും ആരംഭിച്ചു. പള്ളിപണിയുടെ അന്ത്യഘട്ടത്തിൽ അച്ചന് ബേസിക് ട്രെയിനിംഗിന് പോകേണ്ടിവന്നു. ബഹു. സി. മാത്യു അച്ചന്റെ അഭാവത്തിൽ ഈ ഇടവകയുടെ ഭാരിച്ച ചുമതലകൾ നിർവ്വഹിച്ചു, എല്ലാ പരിപാടികളും മംഗളമാകുന്നതിന്

ഏറെ ക്ലേശങ്ങൾ സഹിച്ചത് പത്തനംതിട്ട പള്ളിവികാരി ആയിരുന്ന ഏബ്രഹാം തെക്കേടത്ത് അച്ചനും, തോമസ് ആമ്പശ്ശേരിൽ അച്ചനും, ഇടിക്കുള പാണ്ടിയത്ത് അച്ചനും ആയിരുന്നു. സ്വന്തം ഇടവകപോലെ സാമുവേൽ തൈക്കുട്ടത്തിലച്ചൻ പള്ളിയുടെ എല്ലാ കാര്യങ്ങളിലും ആത്മാർത്ഥമായി സഹകരിച്ചിരുന്നു.

ഭാരതീയനും ഭാരതത്തിലെ ഏക കർദ്ദിനാളുമായിരുന്ന അഭിവന്ദ്യ വലേറിയൻ ഗ്രേഷ്യസ്സ് തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ 1959 ഫെബ്രുവരി 20-ാം തീയതി ദേവാലയത്തിന്റെ കൂദാശകർമ്മം നിർവ്വഹിച്ചു. തുടർന്ന് വികാരി ഫാ. സി. മാത്യു ഏഴാനിക്കാടിന്റെ മുഖ്യകാർമികത്വത്തിൽ മൂന്നിന്മേൽ കുർബാന അർപ്പിച്ചു. 1959 ഏപ്രിൽ 5-ന് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയ്ക്ക് ഇടവക മാധ്യസ്ഥനായ വി.തോമാശ്ലീഹായുടെ പെരുനാളിനോടനുബന്ധിച്ച് ഉചിതമായ സ്വീകരണം നൽകി.

മഹാസിദ്ധനായ വി.സെബസ്ത്യാനോസ് സഹദായുടെ തിരുനാൾ പള്ളിയിലെ പ്രധാന തിരുനാളായി ആഘോഷപൂർവം കൊണ്ടാടണമെന്ന് തീരുമാനിക്കുകയും 1959 ആഗസ്റ്റ് 28-ലെ അനുവാദ കല്പനപ്രകാരം പ്രസ്തുത പെരുനാൾ ആദ്യമായി 1960 ഫെബ്രുവരി 6, 7 എന്നീ തീയതികളിൽ കൊണ്ടാടുകയും ചെയ്തു. ഇടവകയിൽ ഉണ്ടായിരുന്ന ഭക്തസംഘടനകൾക്കു പുറമെ ബാലികാ ബാലന്മാർക്കുവേണ്ടി സൊഡാലിറ്റി ആരംഭിച്ചു. നിത്യസഹായ മാതാവിനോടുള്ള നൊവേന 1960 ഫെബ്രുവരി 15-ാം തീയതി ആരംഭിച്ചത് സി. മാത്യു അച്ചൻ ആണ്. ആ കാലയളവിൽ നൊവേനയ്ക്കു സംബന്ധിക്കുവാൻ ദൂരസ്ഥലങ്ങളിൽ നിന്നും ജാതിമതഭേദമന്യേ ആളുകൾ എത്തിയിരുന്നു. നിത്യസഹായ മാതാവിന്റെ നൊവേന ഇന്നും അഭംഗുരം തുടരുന്നു.

മലങ്കരയിലെ പുനരൈക്യത്തിന്റെ മുന്നോടിയായ പ്രേഷിതവര്യനും പുത്തൻപീടികയുടെ അഭിമാനസ്തംഭവുമായ പീടികയിൽ ഗീവറുഗീസ് അച്ചൻ 1960 ഏപ്രിൽ 25-ന് നിര്യാതനായി ഉചിതമായ ബഹുമതികളോടെ കല്പനപ്രകാരം അദ്ദേഹത്തെ പള്ളിയ്ക്കകത്ത് സംസ്ക്കരിച്ചു.

1961 ഡിസംബർ 1-ന് സന്തോഷ് ജംഗ്ഷനിൽ രണ്ട സെന്റ് സ്ഥലം പള്ളിയ്ക്കുവേണ്ടിയും അതോടുചേർന്നുള്ള 98 സെന്റ് സ്ഥലവും കെട്ടിടവും ബഥനി മഠത്തിനുവേണ്ടി ബഥനി സിസ്റ്റേഴ്സും വാങ്ങി. 1962 ജനുവരി 6-ാം തീയതി ദനഹാ തിരുനാളിൽ മഠത്തിന്റെ ഉത്ഘാടനകർമ്മവും നിർവ്വഹിച്ചു. അതിനുശേഷം കുരിശടിയുടെ പണി പൂർത്തീകരിച്ചു കൂദാശ ചെയ്തു. അന്നു മുതൽ നാളിതുവരെ പുത്തൻപീടിക ബഥനി മഠത്തിലെ സന്യാസിനികൾ ഇടവകയുടെ ആധ്യാത്മീകവും ഭൗതികവുമായ പുരോഗമനത്തിനുവേണ്ടി ആശ്രാന്ത്യം പരിശ്രമിച്ചു കൊണ്ടിരിക്കുന്നു എന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്. 1962 ജൂൺ 28-ന് വൈദീകമന്ദിരം പൂർത്തിയാക്കി ജൂലൈ 1-ന് കൂദാശ ചെയ്ത് അച്ചൻ താമസം ആരംഭിച്ചു.

പീടികയിൽ ഗീവറുഗീസ് അച്ചന്റെ മകൻ പി.ജി. ജോർജ്ജിന്റെ സംഭാവനയായി പണി പൂർത്തിയാക്കിയ രണ്ട് സൈഡ് അർത്താരകൾ അഭിവന്ദ്യ പിതാവിന്റെ കല്പനപ്രകാരം 1963 നവംബർ 13-ന് കൂദാശ ചെയ്തു.

സി. മാത്യു അച്ചന്റെ പ്രവർത്തനഫലമായി 1964-ൽ ഓമല്ലൂരിൽ നിന്നും പന്നിയാലിൽ നിന്നും മറ്റുമായി ഏതാനും വീട്ടുകാർ പുനരൈക്യപ്പെടുകയും പ്രസിദ്ധമായ ഓമല്ലൂർ കാളവാണിഭ സ്ഥലത്തിനു സമീപം ഒരു പുരയിടം വാങ്ങി താമസസാകര്യങ്ങളോടു കൂടിയ ഒരു ചാപ്പൽ നിർമ്മിച്ചു. അനന്തരം ഓമല്ലൂരിന്റെ ഹൃദയഭാഗത്തു സ്ഥിതി ചെയ്യുന്ന ആര്യഭാരതി ഹൈസ്ക്കൂളും അതിനോടു ചേർന്ന സ്ഥലവും അച്ചന്റെ ശ്രമഫലമായി 1964 മാർച്ചിൽ അഭിവന്ദ്യ മെത്രാപ്പോലീത്തയുടെ പേർക്ക് എഴുതിവാങ്ങി.

ഇടവകാംഗമായി ഇവിടെ താമസിച്ചു കൊണ്ട് ഇടവകയെയും വികാരി അച്ചനെയും പള്ളി കാര്യങ്ങളിൽ സഹായിച്ചുകൊണ്ടിരുന്ന തോമസ് ആമ്പശ്ശേരി അച്ഛൻ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് 07-02-1965-ൽ നിര്യതനായി, 08-02-1965-ൽ കല്പന പ്രകാരം പള്ളിയ്ക്കകത്ത് സംസ്കരിച്ചു.

പുത്തൻപീടിക ഇടവകയുടെ സമീപത്ത് സ്ഥിതി ചെയ്യുന്നതും ഇടവകയുമായി സഹകരണത്തിലിരുന്നതുമായ വാഴമുട്ടത്ത്, 31-07-1965-ൽ ഒരു പുതിയ മിഷൻ ഉദ്ഘാടനം ചെയ്യുകയും

യാക്കോബായ സഭാംഗങ്ങളായ 50-ൽ പരം വീട്ടുകാർ അച്ചന്റെ അശ്രാന്ത പരിശ്രമം മൂലം പുനരൈക്യപ്പെടുകയും അവിടെ സ്ഥലം വാങ്ങി ചാപ്പൽ നിർമ്മിക്കുകയും ചെയ്തു. പുത്തൻപീടിക പള്ളിയുടെ മുൻവശത്ത് റോഡ് സൈഡിൽ ദൈവമാതാവിന്റെ നാമത്തിൽ അദ്ദേഹം സ്ഥാപിച്ച കുരിശടി 1966 മാർച്ച് 4-ാം തീയതി സി.മാത്യു അച്ചൻ കൂദാശ ചെയ്തു 1966 ജൂൺ 26-ാം തീയതി കൊട്ടാരക്കര കിഴക്കേതെരുവിലേക്ക് സ്ഥലം മാറിപ്പോയ അച്ചന് സമുചിതമായ യാത്രയയപ്പുനല്കി.

അദ്ദേഹത്തിന്റെ പ്രേഷിത പ്രവർത്തനങ്ങളിൽ ആകൃഷ്ടരായി ഈ ഇടവകയിൽ നിന്നും 6 പേർ വൈദികപഠനത്തിനും ഒരാൾ ബഥനി സന്യാസിനി സമൂഹത്തിലും ചേർന്നു. 25-02-1987-ൽ അച്ചൻ ഇഹലോകവാസം വെടിഞ്ഞു. സുപ്രസിദ്ധ മരിയൻ തീർത്ഥാടന കേന്ദ്രമായ നാകപ്പുഴ പള്ളിയിൽ മൃതദേഹം സംസ്കരിച്ചു. പ്രസ്തുത മരിയൻ തീർത്ഥാടന കേന്ദ്രം അദേഹത്തിന്റെ മാതൃഇടവകയാണ്.

1966 ജൂൺ 26-ാം തീയതി ഫാ.ജോർജ്ജ് പുറത്തൂട്ട് ഈ പള്ളിയുടെ വികാരി ആയി ചുമതല ഏറ്റു. അദ്ദേഹം മൂന്നു വർഷക്കാലം ആദ്ധ്യാത്മിക കാര്യങ്ങളിൽ ശക്തിയായ നേതൃത്വം നല്കികൊണ്ട് ഇടവകയെ നയിച്ചു. 1967 ഡിസംബർ 27-ാം തീയതി ബഹു.ജോർജ്ജ് ജേക്കബ് കിഴക്കേതിൽ, ബഹു.ജോർജ്ജ് ജോൺ കിഴക്കേതിൽ, ബഹു. ലൂയീസ് ഫിലിപ്പോസ് കൊച്ചുമുറി എന്നീ മൂന്നു ശെമ്മാശന്മാർക്ക് തിരുവനന്തപുരം ആർച്ച്ബിഷപ്പ് അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് ഈ ഇടവകയിൽ വച്ച് വൈദീകപട്ടം നൽകി. മൂന്ന് ശെമ്മാശന്മാർക്ക് ഒരുമിച്ച് ഇടവകപള്ളിയിൽ വച്ച് പട്ടം കൊടുക്കുന്നത് ആദ്യസംഭവം ആയിരുന്നു. ആ കാലം വരെ തിരുവനന്തപുരം കത്തീഡ്രൽ ദൈവാലയത്തിൽ വച്ചായിരുന്നു പട്ടംകൊട ശുശ്രൂഷ നടത്തിയിരുന്നത്. അത് പുത്തൻപീടികയെ സംബന്ധിച്ച് ഒരു ഉത്സവത്തിന്റെ പ്രതീതി ഉളവാക്കി. ഡിസംബർ 28-ാം തീയതി മൂന്നുപേരുടെയും പുത്തൻകുർബാനയും ഇവിടെ വച്ചു നടത്തി. ഈ ചടങ്ങുകളുടെ നടത്തിപ്പിന്റെ ചുക്കാൻ പിടിച്ചത് പുറത്തൂട്ടച്ചനായിരുന്നു. 1969-ൽ പുറത്തൂട്ടച്ചൻ ഇവിടെ നിന്നും സ്ഥലം മാറി പോകുകയും തുടർന്ന് ഡാനിയേൽ വടക്കേക്കര അച്ചൻ ഇവിടെ ചുമതല ഏറ്റെടുക്കുകയും ചെയ്തു. ഇടവകയുടെ ആദ്ധ്യാത്മിക കാര്യങ്ങളിൽ അദ്ദേഹം അതീവശ്രദ്ധാലു ആയിരുന്നു. 1973-ൽ അദ്ദേഹം ഇവിടെ നിന്നും സ്ഥലം മാറി പോയി.

ഡാനിയേൽ വടക്കേക്കര അച്ചന്റെ പിൻഗാമിയായി വന്നത് ജോസഫ് താഴത്തുവീട്ടിൽ അച്ചനാണ്. അച്ചൻ മൈലപ്രാ എസ്.എച്ച്.എച്ച്.എസിൽ പ്രഥമ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട് 1973-ൽ ആണ് അദ്ദേഹം ഇടവകയുടെ ഭരണചുമതല ഏറ്റെടുത്തത് നല്ല ഒരു വാഗ്മിയും, പണ്ഡിതനും ഒരു പ്രത്യേക സംസാരശൈലിയുടെ ഉടമയും ആയിരുന്നു അദ്ദേഹം. 1977 ഫെബ്രുവരി 11, 12, 13 എന്നീ തീയതികളിൽ പുത്തൻപീടികയിലെ പുനരൈക്യത്തിന്റെ കനകജൂബിലി ആഘോഷപൂർവം കൊണ്ടാടിയത് അച്ചന്റെ ഭരണകാലത്താണ്. ജൂബിലി ആഘോഷവേളയിൽ അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ സാന്നിദ്ധ്യം പ്രത്യേകം ശ്രദ്ധേയമായിരുന്നു. ജൂബിലി സ്മാരകമായി രണ്ടു ഭവനങ്ങൾ ഇടവകയിൽപ്പെട്ട രണ്ടുപേർക്കായി നിർമ്മിച്ചു നൽകി. അതിലൊരെണ്ണം പള്ളിവക സ്ഥലത്താണ് നിർമ്മിച്ചത്. നിർമ്മാണ വേളയിൽ തിരുവനന്തപുരം അതിരൂപതയിലെ വൈദികവിദ്യാർത്ഥികളുടെ ഒരാഴ്ചത്തെ ഒരു ക്യാമ്പ് ഇവിടെവച്ച് നടത്തപ്പെട്ടു. ആ ക്യാമ്പിൽ പങ്കെടുത്ത വൈദികവിദ്യാർത്ഥികളുടെയും ഇടവക ജനങ്ങളുടെയും ശ്രമദാനത്തിന്റെ ഫലമാണ് പ്രസ്തുത ഭവനം. ഇവിടെ ലിറ്റിൽ വേ അസോസിയേഷൻ എന്ന സംഘടനയ്ക്ക് തുടക്കം കുറിച്ചത് അച്ചന്റെ ഭരണകാലത്താണ്. ഇതിനൊക്കെ ഉപരിയായി ഇടവകയുടെ ആദ്ധ്യാത്മിക വളർച്ചയ്ക്ക് തീവ്രമായി പ്രവർത്തിച്ച ഒരു വൈദീക ശ്രേഷ്ഠനായിരുന്നു ജോസഫ് താഴത്തുവീട്ടിൽ അച്ചൻ. അദ്ദേഹത്തിന്റെ കാലത്താണ് മദ്ബഹായിൽ രണ്ടുവശത്തും ഉണ്ടായിരുന്ന അൽത്താരകൾ നീക്കം ചെയ്തത്, കാരണം മൂന്നിന്മേൽ കുർബാനയ്ക്ക് പകരം സമൂഹബലി ആക്കിയ സാഹചര്യത്തിൽ. 1977-ൽ പുത്തൻപീടികയിൽ നിന്നും സ്ഥലം മാറിപോയ അദ്ദേഹം 2001 ഒക്ടോബർ 2-ാം തീയതി നിര്യാതനായി (92-ാം വയസ്സിൽ). സുപ്രസിദ്ധ മരിയൻ തീർത്ഥാടന കേന്ദ്രമായ നാകപ്പുഴ പള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

1977 മുതൽ 1989 വരെ യഥാക്രമം ഫാ.സാമുവൽ തൈക്കൂട്ടത്തിൽ ഫാ.ഡേവിഡ് ഇല്ലിരിക്കൽ, ഫാ.ജേക്കബ് പുത്തൻവിള, ഫാ.തോമസ് പണിക്കർ, ഫാ.ജോസ് കടകംപള്ളി എന്നിവർ വികാരിമാരായിരുന്നു. അതിനുശേഷം ഫാ.അഗസ്റ്റിൻ മംഗലത്ത്, ഫാ.മാത്യു സഖറിയ എന്നിവരും വികാരിമാരായിരുന്നു.

1990-ൽ ഫാ.ജോൺ കുറ്റിയിൽ ഇടവകയുടെ വികാരി ആയി ചുമതല ഏറ്റെടുത്തു. 1990 ഡിസംബർ 21-ാം തീയതി സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ ശെമ്മാശ്ശന്റെ വൈദിക പട്ടസ്വീകരണവും 22-ാം തീയതി പുത്തൻകുർബായും നടന്നത് അച്ചന്റെ ഭരണകാലത്താണ്. പള്ളിയ്ക്ക് ഒരു സ്ഥിരം വരുമാനം ഉണ്ടാക്കുന്നതിനുവേണ്ടി പള്ളിപുരയിടത്തിൽ കുരുമുളക്കൊടി നട്ടുപിടിച്ചു. 1992 ൽ അദ്ദേഹം പുത്തൻപീടികയിൽ നിന്നും സ്ഥലം മാറി പോകുകയും ചെയ്തു.

1992-ൽ ഫാ.മാത്യു കാലായിൽ ഇടവക വികാരിയായി ചുമതല എറ്റെടുത്തു. ഏതാണ്ട് നാലുവർഷക്കാലം ഇടവകയെ നയിച്ചു. ആത്മീയ വളർച്ചയ്ക്കുവേണ്ടി കരിസ്മാറ്റിക്ക് ധ്യാനങ്ങൾ നടത്തി. 1996-ൽ സ്ഥലം മാറിപ്പോയി. 2006 മെയ് 16-ാം തീയതി നിര്യാതനായി.

1996-ൽ ഇടവകയുടെ വികാരിസ്ഥാനം ഫാ. ജോസഫ് കുരുമ്പിലേത്ത് ഏറ്റെടുത്തു. ബാഹ്യകേരള ഇടവകയിൽപ്പെട്ട ഭോപ്പാലിൽ നിന്നുമാണ് അച്ചൻ പുത്തൻപീടികയിൽ വന്ന് ഭരണം ഏറ്റെടുത്തത്. 1997 സെപ്റ്റംബർ 6-ന് ജൂബിലി സ്മാരക പാരീഷ്ഹാളിന്റെ ശിലാസ്ഥാപനം തിരുവനന്തപുരം അതിരൂപതാ ആർച്ച് ബിഷപ് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് നടത്തി. കുരുമ്പിലേത്തച്ചന്റെ ശ്രമഫലമായാണ് ആ സംരംഭം ആരംഭിക്കുവാൻ സാധിച്ചത്. മുടക്കം കൂടാതെ പാരീഷ്ഹാളിന്റെ പണി തുടർന്നുകൊണ്ടേയിരുന്നു. 1997 സെപ്റ്റംബർ 13-ന് ലൂയീസ് ഫിലിപ്പോസ് കൊച്ചുമുറിയിൽ അച്ചൻ നിര്യാതനായി, അച്ചന്റെ ശവസംസ്കാര ശുശ്രൂഷ ഭംഗിയായി നടത്തുന്നതിന് ക്രമീകരണങ്ങൾ ചെയ്തത് ജോസഫ് കുരുമ്പിലേത്ത് അച്ഛൻ ആണ്. 1999-ൽ അച്ചൻ സ്ഥലം മാറി പോകുകയും ചെയ്തു.

അദ്ദേഹത്തിന്റെ പിൻഗാമിയായി വന്നത് ഫാ.മാത്യു ആലുംമൂട്ടിൽ ആണ്. 1999-ൽ അച്ചന്റെ കാലത്ത് പാരീഷ്ഹാളിന്റെ പണി പൂർത്തിയാക്കി. ദിവംഗതനായ ഗീവറുഗീസ് പീടികയിലച്ചന്റെയും ആദരണീയരായ അത്മായ പ്രമുഖരുടെയും നേതൃത്വത്തിൽ നടന്ന ചരിത്രപ്രസിദ്ധമായ പുനരൈകത്തിന്റെ പ്ലാറ്റിനം ജൂബിലിയുടെ ഉദ്ഘാടനം 2001 ജൂലൈ ആദ്യവാരത്തിൽ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി നിർവ്വഹിച്ചു ജൂബിലി സമാപനം 2002 ഏപ്രിൽ 12, 13 തീയതികളിൽ നടന്നു. തദവസരത്തിൽ ജൂബിലി സ്മാരകമായി നിർമ്മിച്ച പാരീഷ്ഹാളിന്റെ കൂദാശാകർമ്മവും നിർവ്വഹിക്കപ്പെട്ടു. ഭാരത കത്തോലിക്കാ സംഘത്തിന്റെ അദ്ധ്യക്ഷനും തിരുവനന്തപുരം അതിരൂപതയുടെ മേജർ ആർച്ച് ബിഷപ്പുമായ സിറിൽ മാർ ബെസേലിയോസ് തിരുമനസ്സുകൊണ്ടാണ് എല്ലാ ശുശ്രൂഷകൾക്കും നേതൃത്വം നൽകിയത്. ഫാ.തോമസ് ആലുനിൽക്കുന്നിൽ, ഫാ.തോമസ് കുഴിനാപ്പുറത്ത് എന്നിവർ യഥാക്രമം 1999 ഡിസംബർ 28-നും, 2001 ഡിസംബർ 28-നും പ്രഥമദിവ്യബലി അർപ്പിച്ചതും മാത്യു ആലുംമൂട്ടിൽ അച്ചൻ ഇവിടെ വികാരി ആയിരുന്ന സമയത്താണ്. പള്ളിയുടെ മുകൾ ഭാഗത്ത് സീലിംഗ് ഉണ്ടാക്കിയതും ഈ കാലയളവിലാണ്. 2006-ൽ മാത്യു ആലുംമൂട്ടിൽ അച്ചൻ വികാരി സ്ഥാനം ഒഴിയുകയും പകരം ഗീവറുഗീസ് പെരുമല അച്ചൻ വികാരിസ്ഥാനം ഏറ്റെടുത്തു. അച്ചൻ ചീക്കനാൽ താമസിച്ചുകൊണ്ട് ഇവിടെ ശുശ്രൂഷകൾ നടത്തിപോന്നു. അച്ഛന്റെ കാലത്താണ് മദ്ബഹായിലും പള്ളിയുടെ നടുഭാഗത്തും ഭിത്തിയിലും ടൈൽസ് ഒട്ടിച്ച് മോടിപിടിപ്പിക്കുകയും പള്ളിയുടെ ചുറ്റും പുറത്ത് ഫൗണ്ടേഷനോട് ചേർത്ത് രണ്ടടി വീതിയിൽ-കോൺക്രീറ്റ് ചെയ്തു ബലപ്പെടുത്തുകയും പള്ളിയുടെ പടികൾ പുനരുദ്ധരിക്കുകയും ചെയ്തത്. 2007-ൽ ഗീവറുഗീസ് പെരുമല അച്ഛൻ സ്ഥലം മാറി പോയി.

2007-ൽ പെരുമല അച്ചന് പകരക്കാരനായി വന്നത് ഫാ.എബ്രഹാം മണ്ണിൽ ആണ്. 2007 ഫെബ്രുവരി 9-ന് പുതിയ വൈദികമന്ദിരത്തിന് അഭിവന്ദ്യ മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലിമീസ് കാതോലിക്കാബാവാ കല്ലിടീൽ കർമ്മം നിർവ്വഹിച്ചു. 2009 സെപ്റ്റംബർ 22-ന് വൈദിക മന്ദിരത്തിന്റെ നിർമ്മാണം

പൂർത്തീകരിച്ചു. അതിന്റെ കൂദാശകർമ്മം അദിവന്ദ്യ ആർച്ച് ബിഷപ്പ് തന്നെ നിർവഹിക്കുകയും ചെയ്തു. 2008 ജൂൺ 7-ന് കോറെപ്പിസ്കോപ്പാ ആയി ഉയർത്തപ്പെട്ട ജോഷ്വാ പീടികയിലച്ചന് ഇടവകയുടെ വകയായി ഉചിതമായ സ്വീകരണം നല്കി ആദരിച്ചു. 2009-ൽ മണ്ണിലച്ചന്റെ നേതൃത്വത്തിൽ വേളാംകണ്ണി തീർത്ഥയാത്ര പോയ സംഘം പരിശുദ്ധ മാതാവിന്റെ ഒരു തിരുസ്വരൂപം അവിടെനിന്ന് കൊണ്ടുവരികയും അത് സന്തോഷ് ജംഗ്ഷനിലുള്ള നവീകരിച്ച കുരിശടിയിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. എട്ടുനോമ്പാചരണ വേളയിൽ വാഴപ്പിള്ളേത്ത് റമ്പാച്ചൻ ആണ് ആ തിരുസ്വരൂപ പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ചത്.

2010-ൽ ഏബ്രഹാം മണ്ണിൽ അച്ചൻ സ്ഥലം മാറിപ്പോകുകയും ഫാ. വർഗ്ഗീസ് സാമുവേൽ വികാരിസ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. ജപമാല ഭക്തി വളർത്തി എടുക്കുന്നതിന് ആത്മാർത്ഥമായി ശ്രമിച്ച ഒരു വൈദീക ശ്രേഷ്ഠനാണ് അദ്ദേഹം. സന്തോഷ് ജംഗ്ഷനിലെ കുരിശടിയിൽ നിന്നും എടുത്ത് മാറ്റി വച്ചിരുന്ന മാതാവിന്റെ തിരുസ്വരൂപം പള്ളിയുടെ വടക്കുകിഴക്കുഭാഗത്ത് ഒരു പീഠത്തിൽ സ്ഥാപിച്ചു. ഒക്ടോബർ മാസത്തിൽ അവിടെവച്ച് ജപമാലപ്രാർത്ഥന നടത്തുകയും ചെയ്തിരുന്നു. അദ്ധ്യാത്മികതയ്ക്ക് ഉന്നൽ കൊടുത്തിരുന്ന ഒരു വന്ദ്യവൈദികനാണ് വർഗ്ഗീസ് സാമുവേൽ അച്ചൻ. പള്ളിയുടെ മേൽക്കൂരയുടെ ചോർച്ച മാറ്റുന്നതിന് വേണ്ടി ഷീറ്റ് ഇടുകയും, സങ്കീർത്തി ടൈൽസ് ഇടുകയും, മദ്ബഹായുടെ ഭിത്തി ഫൈബർ കൊണ്ട് പാനലിംഗ് നടത്തി മനോഹരമാക്കിയതും, പള്ളിയക്കകത്ത് കാർപറ്റിടുകയും സെമിത്തേരിയുടെ തോടുവശത്ത് സംരക്ഷണഭിത്തി കെട്ടിയ്ക്കുകയും ചെയ്തതും അച്ചന്റെ ഭരണകാലത്താണ്. 2013 മെയ് 12-ന് അച്ചന് സമുചിതമായ യാത്ര അയപ്പു നൽകി.

2013 മെയ് 12-ന് ഫാ.ബെന്നി നാരകത്തിനാൽ വികാരി ആയി ചുമതല ഏറ്റെടുത്തു. 2013 ജൂൺ 10-ന് ഇടവകയിലെ വൈദികരെ സംസ്ക്കരിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയ ശാന്തികുടീരത്തിന്റെ ശിലാസ്ഥാപനം പത്തനംതിട്ട രൂപതാ വികാരി ജനറാൾ മോൺ.ജോസ് ചാമക്കാലായിൽ നിർവഹിച്ചു. 2013 ജൂൺ 25-ാം തീയതി പീടികയിൽ ജോഷ്വാ കോറെപ്പിസ്കോപ്പാ തിരുവനന്തപുരത്തു വച്ച് നിര്യാതനാകുകയും 2013 ജൂൺ 27-ാം തീയതി ശാന്തികുടീരത്തിൽ സംസ്ക്കരിക്കുകയും ചെയ്തു. ശവസംസ്ക്കാര ശുശ്രൂഷയ്ക്കുവേണ്ട ക്രമീകരണങ്ങൾ ചെയ്തത് ബെന്നി നാരകത്തിനാൽ അച്ചനാണ്. 2013 നവംബർ 17 മുതൽ 22 വരെ പോപ്പുലർ മിഷൻ ധ്യാനം നടത്തി. അതിന്റെ സമാപനദിനത്തിൽ ശാന്തികുടീരത്തിന്റെ വെഞ്ചരിപ്പുകർമ്മം പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭി.യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി നിർവ്വഹിച്ചു. ശാന്തി കുടീരത്തിന്റെ നിർമ്മാണചിലവ് പൂർണ്ണമായും ഇടവകയിലെ വൈദികരും അരമനയും കൂടിയാണ് വഹിച്ചത്. 2014-ലെ ഇടവക പെരുനാളിനോടനുബന്ധിച്ച് ശ്രീമതി ഗ്രേസ്ലാൽ ഞാനും എന്റെ കുടുംബവും കർത്താവിനെ സ്നേഹിക്കും എന്ന വിഷയത്തെ ആസ്പദമാക്കി ഒരു സ്റ്റഡി ക്ലാസ്സ് നടത്തി. പള്ളിയുടെ പരിസരം മോടി പിടിപ്പിക്കുന്നതിനു വേണ്ടി അദ്ദേഹം പള്ളിമുറ്റവും പരിസരവും ഇന്റർലോക്ക് ഇടുവിക്കുകയും പള്ളിയുടെ മുൻവശത്തെ റോഡ് സൈഡിലുള്ള കുരിശടി പുതുക്കി പണിയിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാവിന്റെ കാരുണ്യഭവന പദ്ധതിയിൽ നിന്നും ലഭിച്ച തുകകൂടി ഉപയോഗിച്ച് ഒരു ഭവനം നിർമിച്ചു നൽകി.

2014 മെയ് 20-ാം തീയതി കോറെപ്പിസ്കോപ്പാ ആയി ഉയർത്തപ്പെട്ട ഫാ.ജോർജ്ജ് ജേക്കബ് കിഴക്കേതിലിന് മെയ് മാസം 31-ാം തീയതി ഉഷ്മളമായ സ്വീകരണം നല്കുകയും അനുമോദന സമ്മേളനം നടത്തുകയും ചെയ്തു. അനുമോദന സമ്മേളനത്തിന് അഭിവന്ദ്യ ക്രിസോസ്റ്റം തിരുമേനി അധ്യക്ഷനായിരുന്നു. അന്നു പുതുതായി നിർമിച്ച കുരിശടിയുടെ കൂദാശ കർമ്മവും നടത്തി.

2015 മാർച്ച് 14-ാം തീയതി എം.എസ്.സി.എൽ.പി. സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങൾ പാരീഷ്ഹാളിൽ വച്ച് നടത്തപ്പെട്ടു. 2014 ഫെബ്രുവരി 22-ാം തീയതി റോബിൻ തൈക്കൂട്ടത്തിൽ ശെമ്മാശൻ അഭിവന്ദ്യ ക്രിസോസ്റ്റം തിരുമേനിയിൽ നിന്ന് വൈദീകപട്ടം സ്വീകരിക്കുകയും 23-ാം തീയതി ഈ ഇടവകയിൽവച്ച് പ്രഥമദിവ്യബലി അർപ്പിയ്ക്കുകയും ചെയ്തു. 2015 ഫെബ്രുവരി 12-ന് ഫാ.സെബാസ്റ്റ്യൻ ആമ്പശ്ശേരി അച്ചന്റെ പൗരോഹിത്യ രജത ജൂബിലിയും ഒപ്പം തോമസ് ആമ്പശ്ശേരി അച്ചന്റെ 50-ാം ചരമവാർഷികവും നടത്തപ്പെട്ടു. 2016 ഫെബ്രുവരി

10-ാം തീയതി മുതൽ ഫെബ്രുവരി 14-ാം തീയതി വരെ അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നവതിഒരുക്ക ധ്യാനം നടത്തി. 2016 ഫെബ്രുവരി 13-ന് പത്തനംതിട്ട വൈദീകജില്ലയിലെ യുവജനങ്ങൾക്കു വേണ്ടി ഒരു ഏകദിന ധ്യാനവും നടത്തി.

2016 മാർച്ച് 28-ാം തീയതി ജോർജ്ജ് ജോൺ കിഴക്കേതിൽ അച്ചൻ തിരുവനന്തപുരത്ത് വച്ച് നിര്യാതനാവുകയും 2016 മാർച്ച് 29-ന് സ്വന്തം ഇടവകയായ പുത്തൻപീടിക സെന്റ് തോമസ് മലങ്കര പള്ളിയിലെ ശാന്തികുടീരത്തിൽ സംസ്ക്കരിക്കുകയും ചെയ്തു. സംസ്ക്കാര ചടങ്ങിന് വേണ്ടക്രമീകരണങ്ങൾ ചെയ്തത് ബെന്നി നാരകത്തിനാൽ അച്ചൻ ആണ്. 2016 ജൂൺ 5-ാം തീയതി ബെന്നി അച്ചന് ഉചിതമായ യാത്ര അയപ്പു നൽകി. 2016 ജൂൺ 5-ന് പോൾ നിലയ്ക്കൽ തെക്കേതിൽ വികാരി ആയി ചുമതല ഏടുത്തു.

ഇടവകയിൽ നിന്നുള്ള വൈദികർ

1. ഏബ്രഹാം പീടികയിൽ കോറെപ്പിസ്കോപ്പാ
2. ഫാ. ഗീവറുഗീസ് പീടികയിൽ
3. ഫാ. തോമസ് ആമ്പശ്ശേരിൽ
4. ജോഷ്വാ പീടികയിൽ കോറെപ്പിസ്കോപ്പാ
5. ഫാ. ലൂയീസ് പീലിപ്പോസ് കൊച്ചുമുറിയിൽ
6. ഫാ. ജോർജ്ജ് ജോൺ കിഴക്കേതിൽ
7. ജോർജ്ജ് ജേക്കബ് കിഴക്കേതിൽ കോറെപ്പിസ്കോപ്പാ
8. ഫാ. ഡാമിയൻ ഇടനാട്ട് പീടികയിൽ ഒ.ഐ.സി.
9. ഫാ. പി.റ്റി.ജോർജ്ജ്
10. ഫാ. സെബാസ്റ്റ്യൻ ആമ്പശ്ശേരി
11. ഫാ. സഖറിയാസ് പുഷ്പവിലാസം
12. ഫാ. സ്കറിയാ കൊച്ചുമുരുപ്പേൽ
13. ഫാ. തോമസ് ആലുനിൽക്കുന്നതിൽ
14. ഫാ. തോമസ് കുഴിനാപ്പുറത്ത്
15. ഫാ. വർഗീസ് കിഴക്കേക്കര
16. ഫാ. റോബിൻ തൈക്കൂട്ടത്തിൽ
17. ബ്ര. ഫിദെലിസ് മാമ്മൂട്ടിൽ ഒ.ഐ.സി.
18. സി. മേരി ഓഫ് റിഡംപ്ഷൻ ബി.എസ്.ബി.റ്റി.
19. സി. സ്കോളാസ്റ്റിക്ക മേരി
20. സി. റോമാനാ എസ്.ആർ.എ.
21. സി. വിൽഹെൽമീന എസ്.ആർ.എ.

22. സി. ലൂറാനാ എസ്.ഐ.സി.

23. സി. സ്റ്റേഫാന എസ്.ഐ.സി.

24. സി. പുഷ്പ എസ്.ഐ.സി.

25. സി. ഫിദേലിസ് എസ്.ഐ.സി.

26. സി. ശാലിനി എസ്.ഐ.സി.

27. സി. സുദീപ എസ്.ഐ.സി.

28. സി. ട്രീസ ഡി.എം.

**ഗാർഡിയൻ എയ്ഞ്ചൽ ഇടവകയിൽ സേവനം ചെയ്ത വൈദികർ**

| | | |
|---|---|---|
| 1. ഫാ. ലോറൻസ് പെരേര | - | 1926 - 1930 |
| 2. ഫാ. ഗീവറുഗീസ് പീടികയിൽ (അസി വികാരി) | - | 1926 - 1939 |
| 3. ഫാ. പയസ് | - | 1930 - 1939 |
| 4. ഫാ. സെബാസ്റ്റ്യൻ | - | 1939 - |
| 5. ഫാ. അൽഫോൻസ് | | |
| 6. ഫാ. ജോൺ ഫെർണാണ്ടസ് | - | |
| 7. ഫാ. ഡേവിഡ് | - | 1952 വരെ |

**സെന്റ് തോമസ് ഇടവകയിൽ സേവനം ചെയ്ത വൈദികർ**

| | | |
|---|---|---|
| 1. ഫാ. സക്കറിയാസ് എഴിയത്ത് | - | 1940 |
| 2. ഫാ. ഏബ്രഹാം ആശാരിയേത്ത് | | |
| 3. ഫാ. തോമസ് ആമ്പശ്ശേരി | - | 1947 - 1955 |
| 4. ഫാ. സി.മാത്യു എഴനിക്കാട്ട് | - | 1955 - 1966 |
| 5. ഫാ. ജോർജ്ജ് പുറത്തൂട്ട് | - | 1966 - 1969 |
| 6. ഫാ. ഡാനിയേൽ വടക്കേക്കര | - | 1969 - 1973 |
| 7. ഫാ. ജോസഫ് താഴത്തുവീട്ടിൽ | - | 1973 - 1977 |
| 8. ഫാ. സാമുവേൽ തൈക്കൂട്ടത്തിൽ | - | 1977 - 1979 |
| 9. ഫാ. ഡേവിഡ് ഇല്ലിരിക്കൽ | - | 1979 - 1980 |
| 10. ഫാ. ജേക്കബ് പുത്തൻവിള | - | 1980 |
| 11. ഫാ. തോമസ് പണിക്കർ | - | 1980 - 1981 |
| 12. ഫാ. ജോസ് കടകംപള്ളി | - | 1981 - 1982 |
| 13. ഫാ. അഗസ്റ്റിൻ മംഗലത്ത് | - | 1982 - 1986 |

| | | |
|---|---|---|
| 14. ഫാ. കോശി ചക്കാലമണ്ണിൽ | - | 1986 - 1989 |
| 15. ഫാ. മാത്യു സക്കറിയ | - | 1989 - 1990 |
| 16. ഫാ. ജോൺ കുറ്റിയിൽ | - | 1990 - 1992 |
| 17. ഫാ. മാത്യു കാലായിൽ | - | 1992 - 1996 |
| 18. ഫാ. ജോസഫ് കുരുമ്പിലേത്ത് | - | 1996 - 1999 |
| 19. ഫാ. മാത്യു ആലുംമൂട്ടിൽ | - | 1999 - 2006 |
| 20. ഫാ. ഗീവർഗീസ് പെരുമല | - | 2006 - 2007 |
| 21. ഫാ. ഏബ്രാഹാം മണ്ണിൽ | - | 2007 - 2010 |
| 22. ഫാ. വർഗ്ഗീസ് സാമുവേൽ | - | 2010 - 2013 |
| 23. ഫാ. ബെന്നി നാരകത്തിനാൽ | - | 2013 - 2016 |
| 24. ഫാ. പോൾ നിലയ്ക്കൽ തെക്കേതിൽ | - | 2016 - 2019 |
| 25. ഫാ. ആന്റോ കണ്ണംകുളം | - | 2019 |